**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3639** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാർഷികവിളകളുടെ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ സംഭരിക്കപ്പെടുന്ന വിളകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അടിസ്ഥാനവില/ തറവില നൽകി പച്ചത്തേങ്ങ, നെല്ല്, കൊപ്ര, റബ്ബർ, പച്ചക്കറി എന്നീ വിളകളാണ് സംഭരിക്കുന്നത്. ഉത്സവ സീസണുകളിലും അധിക ഉത്പാദനം വരുന്ന സാഹചര്യത്തിലും കർഷകർക്ക് ആവശ്യമായ പിന്തുണ എന്ന നിലയിൽ അധിക വില നൽകി പച്ചക്കറി ഹോർട്ടികോർപ്പ് വഴിയും സംഭരിച്ചുവരുന്നുണ്ട്. |
| (ബി) | സംസ്ഥാന സർക്കാർ സംഭരിക്കുന്ന നെല്ല്, നാളികേരം, റബർ എന്നിവയ്ക്ക് നിലവിൽ നൽകുന്ന വില എത്രയാണെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ നെല്ല് കിലോയ്ക്ക് 28.20 രൂപയ്ക്കാണ് സർക്കാർ സംഭരിക്കുന്നത്. പച്ചത്തേങ്ങയുടെ സംഭരണ വില കിലോയ്ക്ക് 34 രൂപയാണ്. നിലവിൽ കേരളത്തിൽ കർഷകരുടെ പക്കൽ നിന്നും റബ്ബർ സംഭരിക്കുന്നില്ല. RPIS (റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം) പദ്ധതി പ്രകാരം അംഗീകൃത റബ്ബർ ഉല്പാദക സംഘങ്ങൾ വഴി വില്ക്കുന്ന റബ്ബറിന് കിലോയ്ക്ക് 180 രൂപയിൽ താഴുന്ന സാഹചര്യത്തിൽ പ്രസ്തുത വിലവ്യത്യാസം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നല്കുകയാണ് ചെയ്യുന്നത്. |
| (സി) | സംസ്ഥാന സർക്കാർ സംഭരിച്ചിട്ടുള്ള നെല്ല്, നാളികേരം, റബർ എന്നിവയുടെ വില കർഷകർക്ക് നൽകാൻ ബാക്കിയുണ്ടെങ്കിൽ ഓരോ കർഷകർക്കും എത്ര തുക നൽകാനുണ്ടെന്ന് ജില്ലതിരിച്ച്, സംഭരണ കേന്ദ്രങ്ങൾ തിരിച്ച് അറിയിക്കാമോ; | (സി) | സംസ്ഥാന സർക്കാർ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാനുള്ള തുക ജില്ലാ തിരിച്ച് അനുബന്ധമായി ചേർക്കുന്നു.<br><br>നാളികേരം സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക നൽകാനില്ല.<br><br>വിപണി വില വ്യത്യാസം കർഷകർക്ക് നൽകിക്കൊണ്ടാണ് റബ്ബർ സംഭരണം നടത്തുന്നത്. |
| (ഡി) | സംഭരിക്കുന്ന നെല്ല്, നാളികേരം, റബ്ബർ തുടങ്ങിയ വിളകൾക്ക് കേന്ദ്രസർക്കാർ അനുവദിക്കുന്ന തുകയുടെയും സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുകയുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ഡി) | നെല്ലിന് കിലോഗ്രാമിന് ₹28.20 എന്നതാണ് നിലവിലെ സംഭരണവില. ഇതിൽ ₹23.00 കേന്ദ്ര സർക്കാരിന്റെ വിഹിതമായും ₹5.20 സംസ്ഥാന സർക്കാരിന്റെ സംസ്ഥാനതല ഇൻസെന്റീവ് ബോണസ് വിഹിതമായും നിശ്ചയിച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | നാളികേരത്തിന് കിലോഗ്രാമിന് ₹34.00 ആണ് സംഭരണ വില ഇതിൽ ₹31.27 കേന്ദ്ര വിഹിതവും(കൊപ്ര സംഭരണ പദ്ധതി പ്രകാരം), ₹2.73 സംസ്ഥാന വിഹിതവും ഉൾപ്പെടുന്നു. റബ്ബറിന് കിലോഗ്രാമിന് ₹180 എന്നത് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയാണ്. ഇതിൽ കേന്ദ്ര വിഹിതം പ്രത്യേകം നിശ്ചയിച്ചിട്ടില്ല. |
| (ഇ) | സംസ്ഥാന സർക്കാർ സംഭരിച്ചിട്ടുള്ള നെല്ല്, നാളികേരം തുടങ്ങിയ വിളകൾക്ക് കേന്ദ്രസർക്കാർ അനുവദിക്കേണ്ടിയിരുന്ന തുക എത്രയാണെന്നും അതിൽ ഇനി അനുവദിക്കാനുള്ളത് എത്ര തുകയാണെന്നും അറിയിക്കാമോ; | (ഇ) | നെല്ല് സംഭരണ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അനുവദിക്കേണ്ടിയിരുന്ന തുക 9773.20 കോടി രൂപയും അതിൽ ഇനി അനുവദിക്കാനുള്ളത് 1206.69 കോടി രൂപയും ആണ്.<br><br>നാളികേരത്തിന്റെ വിപണി വില ഉയർന്ന് നിൽക്കുന്ന സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷത്തിൽ സംഭരണം നടന്നിട്ടില്ല. കർഷകർക്ക് കുടിശ്ശിക തുക നൽകാനില്ല. |
| (എഫ്) | സംസ്ഥാന സർക്കാർ സംഭരിക്കുന്ന മറ്റ് വിളകൾക്ക് നിലവിൽ നൽകുന്ന വില എത്രയാണെന്ന് അറിയിക്കാമോ; | (എഫ്) | സംസ്ഥാന സർക്കാർ മറ്റു വിളകൾ സംഭരിക്കുന്നില്ല. |
| (ജി) | സംഭരിക്കുന്ന മറ്റ് വിളകൾക്ക് കേന്ദ്രസർക്കാർ അനുവദിക്കുന്ന തുകയുടെയും സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുകയുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ജി) | സംസ്ഥാന സർക്കാർ മറ്റു വിളകൾ സംഭരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

സംസ്ഥാന സർക്കാർ നെല്ല് സംഭരിച്ച വകയിൽ 07/10/2025 വരെ കർഷകർക്ക് നൽകുവാനുള്ള തുക

| ക്രമ. നം | ജില്ല | കർഷകരുടെ എണ്ണം | കർഷകർക്ക് നൽകുവാനുള്ള തുക (കോടി രൂപ ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 458 | 1.41 |
| 2 | കൊല്ലം | 86 | 0.34 |
| 3 | പത്തനംതിട്ട | 444 | 4.23 |
| 4 | ആലപ്പുഴ | 638 | 5.55 |
| 5 | കോട്ടയം | 274 | 2.44 |
| 6 | ഇടുക്കി | 300 | 1.52 |
| 7 | എറണാകുളം | 26 | 0.07 |
| 8 | തൃശ്ശൂർ | 1006 | 6.27 |
| 9 | പാലക്കാട് | 4652 | 26.41 |
| 10 | മലപ്പുറം | 455 | 3.39 |
| 11 | കോഴിക്കോട് | 127 | 0.46 |
| 12 | വയനാട് | 224 | 1.31 |
| 13 | കണ്ണൂർ | 316 | 1.35 |
| 14 | കാസർഗോഡ് | 153 | 0.44 |
| | ആകെ | 9159 | 55.19 |

സെക്ഷൻ ഓഫീസർ